"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം- ശ്രീമതി. പ്രിൻസി.ടി.എഫ് ഫുൾടൈം ജൂനിയർ സംസ്കൃതം അധ്യാപിക സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ, തൃശ്ശൂർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 18444/2021 മേലുള്ള 09/09/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.6159/2022/GEDN തീയതി,തിരുവനന്തപുരം, 26-10-2022

---

പരാമർശം:-

1. ശ്രീമതി. പ്രിൻസി.ടി.എഫ് ഫുൾടൈം ജൂനിയർ സംസ്കൃതം അധ്യാപിക സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ, തൃശ്ശൂർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 18444/2021 മേലുള്ള 09/09/2021 ലെ വിധിന്യായം
2. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10.11.2021 തീയതിയിലെ DDETSR/1869/2021-B1 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/11/2021 തീയതിയിലെ ഇ1/11595/2021/ഡി.ജി.ഇ നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

**<u>ഉത്തരവ്</u>**

ശ്രീമതി. പ്രിൻസി.ടി.എഫ് ഫുൾടൈം ജൂനിയർ സംസ്കൃതം അധ്യാപിക സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ, തൃശ്ശൂർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 18444/2021 മേലുള്ള 09/09/2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി, 6-ാം എതിർകക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P10 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ചുമതലപ്പെടുത്തിയതു പ്രകാരം ഹർജിക്കാരിയുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 16/11/2021 തീയതിയിൽ നേരിൽ കേട്ടു.

2. ടി സ്കൂളിലെ ഹർജിക്കാരിയുടെ 12/07/2013 മുതൽ 31/03/2014 വരെയുള്ള ജൂനിയർ സംസ്കൃതം (പാർട്ട്ടൈം) തസ്തികയിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം

ശമ്പളസ്കെയിലിൽ അനുവദിക്കണമെന്നതാണ് Ext. P10 റിവിഷൻ ഹർജിയിലെ ആവശ്യം

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. ടി സ്കൂളിൽ 12/07/2013 മുതൽ 31/03/2014 വരെ സ്ഥാനക്കയറ്റം മൂലം ഉണ്ടായ ഒഴിവിലേക്ക് ഹർജിക്കാരിയെ പാർട്ട്ടൈം സംസ്കൃതം അധ്യാപികയായി മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുകയും ടി പ്രൊപ്പോസൽ അംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ തന്നെ ഉപജില്ലാ വിദ്യാഭ്യാസഓഫീസർ പ്രസ്തുത നിയമനം അംഗീകരിച്ചിട്ടുണ്ട്. പിന്നീട് 02/06/2014 മുതൽ വ്യവസ്ഥാപിത ഒഴിവിലേക്ക് തുടർച്ചയായി ടിയാരിയെ നിയമിക്കുകയും ആയതു അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം State of Kerala vs Sneha Cheriyan കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം. സമാന കേസിൽ ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം ശമ്പളസ്കെയിലിൽ അനുവദിച്ചിട്ടുണ്ടെന്നാണ് ഹർജിക്കാരിയുടെ വാദം. മാനേജരും ഇപ്രകാരം തന്നെ വാദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും നിരസിക്കപ്പെട്ട സാഹചര്യത്തിലാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

5. State of Kerala VS Sneha Cheriyan കേസിലെ വിധിന്യായപ്രകാരം മരണം, വിരമിക്കൽ, രാജി, ദീർഘകാല അവധി, സ്ഥാനക്കയറ്റം തുടങ്ങിയവമൂലമുണ്ടാകുന്ന ഒഴിവുകളിൽ ഒരു അക്കാദമിക് വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് നടത്തിയ നിയമനത്തിന് അക്കാദമിക് വർഷത്തിന്റെ ഏതു പാദത്തിൽ നിയമിച്ചാലും KER അധ്യായം XIV A റൂൾ 49 ന് വിധേയമായി റഗുലർ ശമ്പള വ്യവസ്ഥയിൽ അംഗീകാരം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

6. എന്നാൽ ഇവിടെ ഹർജിക്കാരിയെ മാനേജർ നിയമന തീയതിമുതൽ തുടർച്ചയായി

അക്കാദമിക് വർഷത്തിൽ കൂടുതൽ കാലത്തേക്ക് നിയമിച്ചിട്ടില്ലെന്നും 2013-14 കാലത്തെ വെക്കേഷൻ ഒഴിവാക്കി നിയമനം പരിമിതപ്പെടുത്തി ദിവസവേതനാടിസ്ഥാനത്തിലാണ് മാനേജർ നിയമിച്ചിട്ടുള്ളതെന്നും ആയത് പ്രകാരമുള്ള നിയമന ശുപാർശ സമർപ്പിച്ചതിനാൽ അപ്രകാരം തന്നെ അംഗീകരിച്ചിട്ടുള്ളതുകൊണ്ട് മേൽ കേസിലെ വിധിന്യായത്തിലെ നിർദ്ദേശം ഹർജിക്കാരിയുടെ കാര്യത്തിൽ ബാധകമല്ലെന്നുമാണ് ബന്ധപ്പെട്ട പരാമർശിത വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മാനേജർ 12/07/2013 മുതൽ 31/03/2014 വരെ മാത്രമാണ് ഹർജിക്കാരിയും നിയമനം നടത്തിയിട്ടുള്ളതെന്നതിനാൽ തുടർച്ചയായ നിയമനം ലഭ്യമല്ല. ആയതിനാൽ ഒരു അക്കാദമിക് വർഷത്തിൽ കുറവുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തേണ്ടത് എന്ന് 14/10/2015 ലെ J2/44977/2015/GEDN ഉത്തരവ് പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ളതിനാലാണ് മേൽ കാലയളവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളത് എന്നാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുള്ളത്. പിന്നീട് 2/6/2014 മുതലാണ് തുടർച്ചയായി മാനേജർ ഹർജിക്കാരിയുടെ നിയമനം നടത്തിയിട്ടുള്ളതും, ആയതു ശമ്പളസ്കെയിലിൽ തുടർച്ചയായി അംഗീകരിച്ചിട്ടുള്ളതും. ഇവിടെ നിയമനാധികാരിയായ മാനേജർ തന്നെയാണ് ദിവസവേതനാടിസ്ഥാനത്തിൽ 12/07/2013 മുതൽ 31/03/2014 വരെ നിയമിച്ചുകൊണ്ടുള്ള ശുപാർശ അംഗീകാരത്തിനായി സമർപ്പിച്ചതും. ആയത് അപ്രകാരം തന്നെ അംഗീകരിച്ചിട്ടുള്ളതും. മാനേജർ നിയമനത്തീയതി മുതൽ (12/07/2013) തുടർച്ചയായി നിയമനം നൽകിയിരുന്നുവെങ്കിൽ പ്രസ്തുത ഒഴിവ് വെക്കേഷൻ കഴിഞ്ഞും നീണ്ടു പോകുന്നതിനാൽ ശമ്പളസ്കെയിലിൽ അംഗീകരിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ 12/7/2013 മുതൽ 31/3/2014 വരെ ടിയാരിയുടെ സേവനകാലയളവ് 8 മാസത്തിൽ കൂടുതലുണ്ട്. ഒരു അദ്ധ്യയന വർഷത്തിൽ 8 മാസത്തിൽ കൂടുതലുള്ള നിയമനങ്ങൾ ശമ്പള വ്യവസ്ഥയിൽ അംഗീകരിക്കാമെന്ന് 14/10/2015 ലെ 44977/ജെ2/പൊ.വി.വ പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള സാഹചര്യത്തിൽ, മേൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ, ടി കാലയളവിൽ മാനേജർ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ചാണ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്.

7. ജൂനിയർ സംസ്കൃതം (പാർട്ട്ടൈം) ആയിരുന്ന ശ്രീമതി ധന്യ.സി.എസ് ന് 03.06.2013 പ്രാബല്യത്തിൽ എച്ച്.എസ്.എ ആയി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലാണ്

ശ്രീമതി. പ്രിൻസി.ടി.എഫ് നെ നിയമിച്ചത്. പ്രസ്തുത ഒഴിവ് ഒരു അക്കാദമിക് വർഷത്തിൽ കൂടുതൽ കാലയളവിലുള്ളതായതിനാലും റഗുലർ ഒഴിവായതിനാലും 12/07/2013 മുതൽ 31/03/2014 വരെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യം അംഗീകരിക്കാവുന്നതാണ്.

8. മേൽ സാഹചര്യത്തിൽ ഹർജിക്കാരിയുടെ 12/07/2013 മുതൽ 31/03/2014 വരെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ശമ്പളസ്കെയിലിൽ അംഗീകരിച്ചു നൽകുവാൻ ബന്ധപ്പെട്ട ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഇപ്രകാരം റിട്ട് ഹർജി നം. 18444/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ- 680003

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർപ്പ്, തൃശ്ശൂർ- 680561

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുന്നംകുളം, തൃശ്ശൂർ- 680503

പ്രിൻസി.റ്റി.എഫ്, ഫുൾടൈം ജൂനിയർ സംസ്കൃതം അധ്യാപിക, സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ, തൃശ്ശൂർ- 680 546

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി, ആർച്ച് ഡയോസസ്.

തൃശ്ശൂർ- 680020

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 26-10-2022 17:10:25

സെക്ഷൻ ഓഫീസർ